CATHOLIC CONGRESS

# THE TIMES OF CATHOLICS

കത്തോലിക്ക കോൺഗ്രസ് മുഖപത്രം

കരുത്തായ് കരുതലായ്

CATHOLIC CONGRESS GLOBAL VOICE

SYRO MALABAR MAJOR ARCHI EPISCOPAL CHURCH

2018 OCTOBER VOLUME 1 ISSUE 1 Email : catholiccongressglobal@gmail.com


## കത്തോലിക്ക കോൺഗ്രസ് കർഷകരുടെ മുഖവും ശബ്ദവും ആകണം മാർ ജോർജ് ആലഞ്ചേരി



ഒരു നുറ്റാണ്ടായി സമുഹത്തിൽ നവോത്ഥാനത്തിനു നേതൃത്വം നൽകുന്ന കത്തോലിക്ക കോൺഗ്രസ് കർഷകർക്കായി ഉണരണമെന്ന് കർദിനാൾ മാർ. ജോർജ് ആലഞ്ചേരി. കർഷകരുടെ കണ്ണുനീർ കാണാൻ ഭരണകുടങ്ങൾക്ക് ആകുന്നില്ല കാർഷികോൽപ്പനങ്ങളുടെ വിലയിടവും വന്യമൃഗശല്യങ്ങളും കൃഷി നാശങ്ങളും കർഷകജീവിതം പ്രതിസന്ധിയിലാക്കിരിക്കുന്നു. കർഷകർക്കായി എല്ലാ സുമനസ്സുകളും ഒരുമിച്ച് മുന്നേറണമെന്ന് കർദിനാൾ ആഹ്വാനം ചെയ്തു.



കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ വീര്യം ചോരാതെ വെല്ലുവിളികളെ അതിജീവിച്ച്, നിശ്ചയദാർഢ്യത്തിന്റെ ഉജ്ജ്വല പ്രതീകമായി കേരളത്തിന്റെയും, ലോകമാകമാനമുള്ള സീറോ മലബാർ സഭയക്കും അഭിമാനിക്കാവുന്ന മഹാസമ്മേളനവും റാലിയുമാണ് കത്തോലിക്ക കോൺഗ്രസ് ശതാബ്ദി സമാപനത്തോടെ തൃശൂരിന്റെ മണ്ണിൽ പെയ്തിറങ്ങിയത്. നീതി നിഷേധിക്കപ്പെട്ടവരുടെ കൂടെ നിൽക്കാനും അവകാശങ്ങൾ നേടിയെടുക്കാനും ഈ സംഘടനയ്ക്ക് സാധിച്ചത് വിശ്വാസത്തിലധിഷ്ടിതമായ കാഴ്ചപ്പാടിലുടെയായിരുന്നു. വ്യക്തവും ശക്തവുമായ നിലപാടുകളേടെ മുന്നോട്ടുപോകാൻ നമ്മെ പ്രേരിപ്പിക്കുന്ന ഘടകവും ഒരു സമ്മർദ്ദ ശക്തിയാവുക എന്നുള്ളതാണ്. സഭയ്ക്കെതിരെയുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള ആക്രമണങ്ങളെ ചെറുത്തു തോല്പിക്കാൻ മാധ്യമ രംഗത്തെ ഈ പുതു സംരഭത്തിനാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. **Mar. Remigious Inchananiyil**
**Bishop Legate**



ആയുധമല്ല ആശയങ്ങളാണ് ജന സമുഹത്തെ ജ്വലിപ്പിക്കേണ്ടത്; എന്നാൽ വിനാശകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന അന്ധകാര ശക്തികൾ ആണ് ഇന്ന് സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെ നിയന്ത്രിക്കുന്നത്. ഈ അവസരത്തിൽ ഏറെ പ്രതീഷകളോടെ കത്തോലിക്ക കോൺഗ്രസ് മൂന്നോട്ട് വെയ്ക്കുന്ന മാധ്യമ മേഖലയിലേക്കുള്ള ഒരു നിർണ്ണായക കാൽ വെയ്പ്പ് ആണ് ടൈംസ് ഓഫ് കാത്തലിക്സ് എന്ന ഓൺ ലൈൻ പത്രം. സമുഹത്തിന് ദിശാബോധം നൽകുന്ന സംഭാഷണങ്ങൾക്ക്, ക്രിസ്തിയ ഉൾക്കാഴ്ച്ചകളിലുടെ നേതൃത്വം കൊടുക്കുവാനും, നന്മയെക്കാൾ തിന്മ പ്രചരിക്കുന്ന ആധുനിക കാലഘട്ടത്തിൽ, സത്യത്തിനും നീതിക്കും വേണ്ടി നില കൊള്ളുന്നതും, സമുദായ സേവന തീക്ഷണതയുടെ ചൂടും വെളിച്ചവും ഏറ്റ് ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതുമായ മാധ്യമ സംസ്ക്കാരത്തിന് ഈ സംരഭം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

**Fr. Geo Kadavi - Global Director**

## സഭയെ ഒന്നാകെ കളങ്കപ്പെടുത്തുന്ന കെമാൽ പാഷയുടെ ശൈലിക്കെതിരെ പ്രതിഷേധം

ക്രൈസ്തവർ പെൺകുട്ടികളെ മഠത്തിൽ വിടുന്നതിനെ കെമാൽ പാഷ വിമർശിച്ചത് വിശുദ്ധിയോടെ സേവനം ചെയ്യുന്ന പതിനായിരക്കണക്കിന് കന്യാസ്ത്രികളും അവർ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിനും അതിയായ വേദന ജനിപ്പിച്ചുവെന്നും പരാമർശത്തിൽ ശക്തമായ പ്രതിഷേധമുണ്ടെന്നും കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ബിജു പറയന്നിലം. കെമാൽ പാഷ ഉപയോഗിച്ച് ഭാഷയും രീതീയും ക്രൈസ്തവ സഭയെ ഒന്നാകെ കളങ്കപ്പെടുത്തുന്നതാണ്. ലക്ഷത്തിൽപ്പരം വൈദികരും കന്യാസ്ത്രീകളും ആയിരകണക്കിന് ബിഷപ്പുമാരും ഉള്ള സഭയിലെ ഒറ്റപ്പെട്ട സംഭവങ്ങളുടെ മറവിൽ സഭയെയും സമർപ്പിതരെയും അപകീർത്തിപ്പെടുത്താൻ അനുവദിക്കുകയില്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു .

## ഞായറാഴിച്ചകളിലെ പരീശീലന പരിപാടികൾ ഒഴിവാക്കണം – കത്തോലിക്ക കോൺഗസ്

സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഐ.ടി വിഭാഗം നടത്തുന്ന പരിശീലന പരിപാടികൾ ഞായറാഴ്ചകളിൽ നടത്തരുതെന്ന കത്തോലിക്ക കോൺഗസ്. കൈസ്തവ വിശ്വാസികൾക്ക് ഞായറാഴ്ചകളിൽ വി. കുർബാനയിലും വിശ്വാസപരിശീലന ക്ലാസ്സുകളിലും പങ്കെടുക്കേണ്ടതുള്ളതു കൊണ്ട് ഞായറാഴ്ചകളിൽ ക്രമീകരിച്ചിരിക്കുന്ന പരിശീലന പരിപാടികൾ മാറ്റിവെയ്ക്കാൻ ബന്ധപ്പെട്ടവരുടെ അടിയന്തിരമായ ഇടപെടലുകൾ ഉണ്ടാകണം.

## പൃഷ്ഠം ചലിപ്പിക്കുന്ന പക്ഷികൾ അപഹാസ്യരാവുകയേയുള്ളൂ.

**അഡ്വ. ബിജു പറയന്നിലം :** പ്രസിഡന്റ്, കത്തോലിക്ക കോൺഗ്രസ്



ജലന്തർ രൂപതയിലെ ബിഷപ്പ് ഫ്രാങ്ക്രോയ്ക്ക് എതിരെ യുള്ള കേസിൽ നടന്ന മാധ്യമ ചർച്ചകളും, സമരങ്ങളും, നടപടികളും നാം വിലയിരുത്തണം. സഭ ബിഷപ്പിന്റെ പക്ഷമാണ്, ബിഷപ്പിനെതിരെ നടപടികൾ സ്വീകരിക്കുന്നില്ല എന്നിങ്ങനെ വരുത്തി തീർക്കുവാൻ പരമ്പരാഗതമായി സഭയെ എതിർക്കുന്ന എല്ലാ മേഖലയിൽ നിന്നും തീവ്രശ്രമമുണ്ടായി. കൂടാതെ സഭയിൽ ചിലരുടെയങ്കിലും ധാർഷ്ഠ്യത്തിൽനിന്നും ഉണ്ടായ മുറിവുകളുടെ അടിസ്ഥാനത്തിൽ ചില വിശ്വാസികളും വിമർശകരുടെ പക്ഷം ചേർന്നതും വ്രത വാഗ്ദാനങ്ങൾ സ്വീകരിച്ച ചിലരും സമര കോലാഹലങ്ങളിൽ പങ്ക് ചേർന്നപ്പോൾ സഭയെ ഒന്നാകെ കളങ്കപ്പെടുത്തുവാനും വിശ്വാസികളെ ഭിന്നിപ്പിക്കുവാൻ സുവർണ്ണ അവസരമായി ചില സഭാവിരുദ്ധർ വിലയിരുത്തി. ഈ സാഹചര്യത്തിൽ കത്തോലിക്ക കോൺഗ്രസിന്റെ ഈ മുഖപ്പത്രത്തിൽ ഒരു തുറന്ന വിലയിരുത്തൽ അനിവാര്യമായി.

സി ബി സി ഐ യും, കെ സി ബി സി യും കത്തോലിക്ക കോൺഗ്രസ് ഉൾപ്പെടെയുള്ള സഭയുടെ ഔദ്യോഗിക ഘടകങ്ങളെല്ലാം സ്വീകരിച്ച നിലപാട് 'നിയമം നിയമത്തിന്റെ വഴിയ്ക്ക് പോകണം' എന്നതാണ്. പോലീസ് സത്യസന്ധമായി അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നതാണ് ഇപ്പോഴും സഭയുടെ നിലപാട്.

(cont : page 2)

## കാലഘട്ടത്തിനനുസരിച്ച് നീതിഘടനയിൽ മാറ്റം വരുത്തണം



തുല്യ നീതിക്കായി സാമ്പത്തിക സംവരണം ഉടൻ നടപ്പിലാക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ ക്കായുള്ള കേരള സംസ്ഥാന കമ്മീഷനുമായി കത്തോലിക്ക കോൺഗ്രസസ് പ്രസിഡന്റ് ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ ഭാരവാഹികൾ നടത്തിയ ചർച്ചയിലാണ് ഈ ആവശ്യം ഉന്നയിച്ചത്.

## ജലന്ധർ : പുകമറ സൃഷ്ടിക്കാൻ ശ്രമം

ജലന്ധർ വിഷയത്തിൽ പുകമറ സൃഷ്ട്ടിക്കാനുള്ള മാധ്യമങ്ങളുടെയും അധികാരികളു ടെയും ഗുഢശ്രമങ്ങളാണ് നടന്നുവരുന്നതെന്ന് കത്തോലിക്ക കോൺഗ്രസ്. ആരോപണ വിധേയനായ ബിഷപ്പ് കുറ്റക്കാരനെന്ന് കോടതിയിൽ തെളിയെക്കപ്പെട്ടാൽ തീർച്ചയായും ശിക്ഷിക്കപ്പെടണം മാധ്യമങ്ങളിലും മറ്റും നടന്നുവരന്ന അന്തിചർച്ചകളും അനാവശ്യ വിചാരണകളും യഥാർത്തത്തിൽ പുകമറ സൃഷ്ടക്കുന്നതാണ്. ബിഷപ്പ് പോലീസിനെ സ്വാധീനിക്കുന്നു. സഭ തെറ്റിനു കുട്ടു നിൽക്കുന്നു എന്ന തരത്തിലുള്ള പ്രചാരണങ്ങൾ വസ്തുതാ വിരുദ്ദവും പൊതുസമുഹത്തിൽ സഭയെ ഇകഴ്ത്തികാണിക്കാൻ വേണ്ടിയുള്ളതുമാണ്.

## ക്രിസ്തു പകർന്ന വിശ്വാസം മറച്ചു വെക്കാനുള്ളതല്ല പ്രഘോഷിക്കാനുള്ളത് : ഫ്രാൻസീസ് മാർപാപ്പ



ക്രിസ്തു പകർന്നുതന്ന വിശ്വാസവും, സുവിശേഷ മൂല്യങ്ങളും പറയുടെ കീഴീൽ മറച്ചുവയ്ക്കാനുള്ള തല്ലായെന്നും അത് ജീവിക്കാനുള്ളതും പ്രഘോഷിക്കാനുള്ളതുമാണെന്നും ഫ്രാൻസീസ് പാപ്പ.

## കുമ്പസാരത്തിനെതിരെയുള്ള ദേശീയ വനിതാ കമ്മീഷൻ റിപ്പോർട്ട് ഗൂഢാലോചനയുടെ ഭാഗം : കത്തോലിക്ക കോൺഗ്രസ്



ക്രൈസ്തവരുടെ വിശ്വാസത്തിന്റെഭാഗമായിട്ടുള്ള വിശുദ്ധ കുമ്പസാരം എന്ന കൂദാശ ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ നിരോധിക്കണമെന്ന ദേശീയ വനിതാകമ്മീഷന്റെ ശുപാർശ ഭരണഘടനാ ലംഘനവും, വിശ്വാസ ത്തിനെ തിരെയുള്ള വെല്ലുവിളിയും ആണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭരണഘടന വിരുദ്ധമായും ക്രൈസ്തവ വിശ്വാസത്തിന് വെല്ലുവിളിയായും നിലപാട് സ്വീകരിച്ച ദേശീയ വനിതാ കമ്മീഷനെതിരെ കേന്ദ്ര സർക്കാർ നടപടിയെടുക്കണമെന്നും പ്രസിഡന്റ് ബിജു പറയന്നിലം ആവശ്യപ്പെട്ടു. ഭാരതത്തിന്റെ മതേതരത്വ മൂല്യങ്ങൾ തകർക്കുവാനും, ജനാധിപത്യം കളങ്കപ്പെടുത്തുവാനുമായി സംഘടിത നീക്കങ്ങൾ നടക്കുന്നതിൽ ന്യൂനപക്ഷങ്ങൾക്ക് അതിയായ ആശങ്കയുണ്ട് എന്നും അദ്ദേഹം വ്യക്തമാക്കി. ദേശീയ വനിതാ കമ്മീഷന്റെ നിയമ വിരുദ്ധമായ ശുപാർശയ്ക്കെതിരെ ശക്തമായ പ്രതിഷേധ നിലപാടുകൾ സ്വീകരിക്കുമെന്നും പ്രസിഡന്റ് അറിയിച്ചു.

## മാധ്യമ വിചാരണം അവസാനിപ്പിക്കുവാൻ കോടതി വിചാരണ ഉടൻ ആരംഭിക്കുക

യഥാർത്ഥ നീതി ഉറപ്പാക്കാൻ മാധ്യമ വിചാരണകൾ അല്ല, മറിച്ച് സാധരണ ജനങ്ങൾ വിശ്വാസമർപ്പിച്ചിട്ടുള്ള കോടതിയിലുടെയുള്ള വിചാരണ ആരംഭിക്കേത് ആവശ്യമാണ് മാധ്യമങ്ങളുടെ അതിപ്രസരവും വ്യാജ പ്രചരണങ്ങളും യഥാർത്ത നീതി ലഭ്യമാക്കുന്നതിനുള്ള അവസരങ്ങൾ നിഷേധിക്കുകയാണ് ചെയ്യുന്നത്.

## അപവാദ പ്രചരണം IG മുമ്പാകെ കേസ്

സീറോ മലബാർ സഭയുടെ ഔദ്യോഗിക സംഘടനയായ കത്തോലിക്ക കോൺഗ്രസിനെതിരെ അപവാദ പ്രചരണം നടത്തിയ ലൈജു വർഗിസിനെതിരെ എറണാകുളം റെയ്ഞ്ച് ഐ ജി മുമ്പാകെ പരാതി നൽകി. മനോരമ ചാനലിലെ കൗണ്ടർ പോയ്ന്റ് പരിപാടിയിലും സോഷ്യൽ മീഡിയയിലുമാണ് ഇയാൾ സത്യ വിരുദ്ധമായ പ്രചരണം നടത്തിയത്.

## ആദിമ ക്രൈസ്തവ സഭാ മക്കളുടെ വിശ്വാസ തിഷ്ണതയും ഐക്യവും പുനസ്ഥപനം കത്തോലിക്ക കോൺഗ്രസിൽ നിഷിപ്തം : കർദിനാൾ മാർ ജോർജ് ആലഞ്ചേരി

ആദിമകൈസ്തവ സഭകളുടെ വിശ്വാസതീക്ഷണതയും ഐക്യവും പുനസ്ഥാപിക്കാൻ കത്തോലിക്കകോൺഗ്രസ് പ്രതിജ്ഞാബദ്ധമാണ് എന്ന് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. സഭയും സഭാമക്കളും നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ കഴിയുന്ന പ്രസ്ഥാനമായി കത്തോലിക്കകോൺഗ്രസിനെ മാറ്റിയെടുക്കാൻ നേതൃത്തിന് കഴിയുമ്പോഴാണ് സഭയിലും സമൂഹത്തിലും കത്തോലിക്കകോൺഗ്രസിന്റെ പ്രസക്തിയും പ്രാധാന്യവും വർദ്ധിക്കുന്നത്.

## സ്വവർഗ്ഗരതി നിയമവിധേയമാക്കിയ സുപ്രിം കോടതി വിധി ഭാരതത്തിലെ കുടുംബ ജീവിത പാരമ്പര്യങ്ങൾക്ക് ഭീഷണി



(1-ാം പേജ് തുടർച്ച)

ഒരു പുരുഷൻ ഒരു സ്ത്രീയെ ബലാൽസംഘം ചെയ്യുമ്പോൾ കന്യകാത്വം നഷ്ടപ്പെടാതിരിക്കുവാൻ സ്വാഭാവികമായും ജീവൻ ത്യജിച്ചും ചെറുത്തു നിൽക്കുമെന്നല്ലേ നാം പ്രതീക്ഷിക്കുന്നത് കേസിലെ പരാതിയിൽ നിന്നും ഇപ്പോൾ മനസ്സിലാക്കുന്നതിന് മഠത്തിന്റെ അടുക്കള പണിയുന്നതിന് അനുവദിച്ചിരുന്ന പണം ബിഷപ്പ് ബ്ലോക്ക് ചെയ്യുമെന്ന് പറഞ്ഞ് ബിഷപ്പ് കന്യാസ്ത്രീയെ ഭീഷണിപ്പെടുത്തിയെന്നാണ്. സഭയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാം നിർലോഭം സഹായിച്ചിട്ടുണ്ട്. മഠത്തിന്റെ അടുക്കളയുടെ നിർമ്മാണം നമ്മെ സംബന്ധിച്ചിടത്തോളം തുലോം ചെറിയ കാര്യമാണ്. കൂടാതെ സന്യാസ സമൂഹ ത്തിന്റെ പൊതുവായ നിയമമാണ് ഏതൊരു സാഹ ചര്യത്തിലും ഒരു സഹ കന്യാസ്തീയെ കൂടെ കൊണ്ടു പോകണമെന്നുള്ളത്. ഈ നിയമത്തെ അടിയന്തര ഘട്ടത്തിൽ ഒരു പ്രാവശ്യം ലംഘിക്കാം. എന്നാൽ 13 പ്രാവശ്യം ലംഘിക്കപ്പെടാതെ നോക്കണമായിരുന്നു. ഇപ്രകാരമുള്ള ചിന്തകൾ പ്രഥമ ദൃഷ്ട്യ ബിഷപ്പ് കുറ്റക്കാരനെന്ന് തീരുമാനമെടുക്കേണ്ട പരാതിയായി കണക്കാക്കാതെ ഈ ആരോപണത്തിൽ പോലീസിന്റെ അന്തിമ റിപ്പോർട്ടിനായി കാത്തിരിക്കാൻ നമ്മെ പ്രേരിപ്പിച്ചത് സ്വഭാവികം മാത്രം. ഈ ആരോപണത്തിന്റെ ഗൗരവം കത്തോലിക്ക കോൺഗ്രസ് കുറച്ച് കാണുന്നില്ല. ആരോപണത്തിൽ എന്തെങ്കിലും വാസ്തവ മുണ്ടെങ്കിൽ ബിഷപ്പിനെതിരെ കർശന നടപടി കൾക്കായി കത്തോലിക്ക കോൺഗ്രസ് പരസ്യമായി രംഗത്ത് വരും.

സഭയെ അപഹാസ്യപാത്രമാക്കുന്നതും, വിശ്വാസ ഗണത്തെ പൊതുസമൂഹത്തിനു മുൻപിൽ തലകുനിപ്പിക്കുന്നതും പലപ്പോഴും സമർപ്പിതർ അവരിലുള്ള ആത്മീയ ജീവിത ശൈലിയിൽ നിന്നു വ്യതിചലിക്കുമ്പോഴും, അവർ സമരങ്ങളിലും, ജാഥകളിലും, വിവാദങ്ങളിലും ഉൾപ്പെടുമ്പോഴുമാണ്. ഇക്കാര്യം തമസ്കരിച്ചുകൊണ്ടുള്ള പ്രചാരണങ്ങളാണ് കൊഴുപ്പിക്കുന്നത്.എന്തായിരുന്നാലും ഇതിന്റെ ഭാഗമായി ക്രൈസ്തവ അഭിമാനം അടിയറവു വയ്ക്കാനുള്ള ഏതൊരു നീക്കത്തെയും പ്രതിരോധിക്കാനും പരാജയപ്പെടുത്താനുമുള്ള വിശ്വാസ തീക്ഷ്ണതയും പ്രതിബദ്ധതയും ഇവിടത്തെ അത്മായ സമൂഹത്തിനുണ്ടെന്ന കാര്യം കത്തോലിക്ക കോൺഗ്രസ് അടിവരയിട്ടു രേഖപ്പെടുത്തുന്നു.

ഈ പരാതിയുടെ മറവിൽ സഭയെയും ക്രൈസതവരെയും മോശമായി ചിത്രീകരിക്കുന്നവർ സംഘം ചേർന്നതും, ആരോപണ പെരുമഴ ഒരുക്കിയതും നാം കണ്ടു. ഇത് അവസരമാക്കി സഭയെ ഒന്നായി കളങ്കപ്പെടുത്തി ഇല്ലായ്മ ചെയ്യുവാനും, വിശ്വാസികളുടെ കൂട്ടായ്മ നശിപ്പിക്കുവാനും ചില മാധ്യമങ്ങൾ ഉൾപ്പെടെയുള്ള വഴിവിട്ട ശ്രമങ്ങൾ നടത്തി. സഭയിൽ ലക്ഷത്തിൽ പരം വൈദികരും, ആയിരക്കണക്കിന് മെത്രാന്മാരും, 224 കർദ്ദിനാൾമാരും, പരിശുദ്ധ ഫ്രാൻസീസ് മാർപ്പായ്ക്കൊപ്പമുണ്ട്. ഭാരതമെന്ന ഈ മഹാരാജ്യത്തിൽ നിന്നും 224 കർദ്ദിനാൾമാരിൽ 3 കർദ്ദിനാർമാർ മാത്രമേ ഉള്ളൂ എന്ന് മനസ്സിലാക്കുമ്പോൾ ലോകമെമ്പാടുമായി വ്യാപിച്ച് കിടക്കുന്ന സഭയെ നിങ്ങൾക്ക് തിരിച്ചറിയാം.

ഒരു മെത്രാന് എതിരെയുള്ള ആരോപണത്തിന്റെ പേരിൽ സഭയെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നവരെ തുത്തുകുണുക്കി പക്ഷിയോട് ഉപമിക്കേണ്ടിയിരിക്കുന്നു. മരച്ചില്ലയിൽ ഇരിക്കുന്ന തുത്തുകുണുക്കി പക്ഷി തുത്തു കുണുക്കുമ്പോൾ പക്ഷിയുടെ വിചാരം ലോകം മുഴുവൻ കുലുങ്ങുകയാണെന്നാണ്. എന്നാൽ എന്താണ് സംഭവിക്കുന്നതെന്ന് നമുക്കറിയാം. 'മരച്ചില്ല പോലും കുലുങ്ങുന്നില്ല' അത്രയേയുള്ളൂ സഭയെ ഇപ്പോൾ ഇല്ലായ്മ ചെയ്യാം എന്ന് വിചാരിച്ചുള്ള ചിലരുടെ ആക്രോശങ്ങൾ.

എന്നാൽ ഈ ആക്രോശങ്ങൾ ആദ്യഘട്ടത്തിൽ ആസ്വദിച്ച നമ്മളിൽ പലരും ആക്രോശങ്ങളുടെ ഭാവവും, രീതിയും മാറുകയും നമ്മുടെ നെഞ്ചത്ത് കയറി നമ്മെ അപഹാസ്യപ്പെടുത്തുവാനും നമ്മുടെ അഭിമാനത്തെ ചോദ്യം ചെയ്യുവാനും തുടങ്ങിയപ്പോൾ സമുദായം ഉണരുകയും മാറി ചിന്തിക്കുകയും ചെയ്തുതുടങ്ങിയത് നമ്മുടെ കൂട്ടായ്മയുടെ തെളിവാണ്.

ആശംസകളോടെ....
THE KNANAYA MULTI STATE CO-OPERATIVE CREDIT SOCIETY LTD.
KMCCS
The Knanaya Multi-state Co-operative Credit Society Ltd.

## സർക്കാറിനോട് ചേർന്ന് നവ കേരള സൃഷ്ടിക്ക് കത്തോലിക്ക കോൺഗ്രസ്

സർക്കാരിനോടും സഭയോടും ചേർന്ന് നവകേരള സൃഷ്ടിക്ക് പങ്കുചേരുമെന്ന് കത്തോലിക്ക കോൺഗ്രസ്. പ്രളയ ദുരിതത്തിൽ ഏറെ



ബുദ്ധിമുട്ടിലായ കർഷകരുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകുന്നതിന്റെ ഭാഗമായി ദുരിത ബാധിത പ്രദേശങ്ങളിലെ ആയിരം കർഷക കുടുംബങ്ങളുടെ കാർഷിക പുനരുദ്ധാരണം കത്തോലിക്ക കോൺഗ്രസ് നടപ്പാക്കും. അതോടൊപ്പം പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നൂറ് കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ സ്ഥലവും, ആയിരം വീടുകളുടെ പുനരുദ്ധാരണത്തിന് നേതൃത്വം നൽകുകയും ചെയ്യും. തിരഞ്ഞെടുക്കപ്പെട്ട ആയിരം കർഷക കുടുംബങ്ങൾക്കായി കത്തോലിക്ക കോൺഗ്രസിന്റെ സമഗ്രകാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, അവരെ സ്വയം പര്യാപ്ത രാക്കും ക്ഷീരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആയിരം കർഷകർക്ക് പശുക്കളെ വിതരണം ചെയ്യും. സഭയുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും നേതൃത്വത്തിൽ നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള നിക്ഷേപങ്ങളും തുടർന്ന് കൊണ്ടുപോകാൻ തീരുമാനിച്ചു. പ്രളയ ദുരന്തത്തെ തുടർന്നുണ്ടായ കാർഷിക മേഖലയുടെ തകർച്ചയിൽനിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി സമഗ്ര കാർഷിക പദ്ധതിയുടെ രൂപരേഖ മുഖ്യമന്ത്രിക്കും സഭാ സിനഡിനും സമർപ്പിക്കുവാൻ തീരുമാനിച്ചു. സർക്കാരും സഭയും കാർഷിക മേഖലയുടെ സംരക്ഷണത്തിനായി യുദ്ധകാല അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. കത്തോലിക്കാ കോൺഗ്രസിന്റെ സമഗ്ര കാർഷിക പദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിനകത്തും പുറത്തുമുള്ളവരിൽ നിന്നുമായി ഏഴംഗ സമിതിയെ തിരഞ്ഞെടുത്തു.

## മാധ്യമ ഗുഢാലോചനകൾ അന്വേഷിക്കണം

സമീപകാലത്തുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ കത്തോലിക്ക സഭയെ ഒന്നാകെ ആക്രമിക്കാനും അവഹേളിക്കാനും ചില മാധ്യമങ്ങൾ നിരന്തരം ശ്രമിക്കുന്നത് വൻഗുഢാ ലോചനയാണെന്നും ഇത് അനേഷിക്കാൻ സർക്കാർ തയ്യാറാവണമന്നും കത്തോലിക്കകോൺഗ്രസ്. ചാനലുകൾ ബ്രേക്കിംഗ് ന്യൂസുകൾക്കും റേറ്റിംഗിൽ ഒന്നാംസ്ഥാനം നേടുന്നതുതിനും വേണ്ടി മത്സരിക്കുമ്പോൾ ഇല്ലാ കഥകളും തെറ്റായ വാർത്തകളും സ്വന്തം ഭാവനയനുസരിച്ച് സൃഷ്ടിക്കപ്പെടുന്നു. നേരിൽ കാണാത്ത കാര്യങ്ങൾ വരെ വളരെ വിശ്വസിനയമായ രീതീയിൽ അവതരിപ്പിക്കുന്നത് അങ്ങേയറ്റം അപഹാസ്യപരവും ദുരൂദേശത്തോടുകുടിയ അജണ്ടയുമാണ്.

## കുറ്റാ രോപിത രെ മാധ്യമ വിചാരണകളിലുടെ കുറ്റവാളികളായി മുദ്രകുത്തുന്നത് നീതികരിക്കാനാവില്ല



കുറ്റാരോപത രെ മാധ്യാമ വിചാരണകളിലുടെ കുറ്റവാളികളികളായി മൂദ്രകുത്തുന്നതു നീതികരിക്കാവുന്നതല്ലന്നും ഗൂഢ ലക്ഷ്യങ്ങളോടെ മാധ്യമ വിചാരണ നടത്തി പൊതു സമുഹത്തിനു മുന്നിൽ ക്രൈസ്തവ സഭയെ അധിക്ഷേപിക്കുന്നവരെ വിശ്വാസികൾ ചെറുക്കണമെന്നും കത്തോലിക്ക കോൺഗ്രസ് കേരളം പോലൊരു സംസ്ഥാനത്ത് കൂണു പോലെ മുളച്ചു പൊങ്ങിയ ചാനലുകൾ ലാഭത്തിനായി സത്യവസ്ഥ മറച്ച് വെയ്ക്കുന്നത് നീതിരഹിതമാണെന്നും ക ത്തോലിക്ക കോൺഗ്രസ് പ്രസ്ഥാവിച്ചു

## ബിഷപ്പിനെ പോലീസ് ചോദ്യം ചെയ്തപ്പോൾ പി.കെ ശശി M.L.A യെ പാർട്ടി ചോദ്യം ചെയ്തത് സർക്കാരിന്റെ ഇരട്ടതാപ്പ്



SOURA
Soura Natural Energy Solutions India Pvt. Ltd.

**സൗരോർജ്ജവിപ്ലവം**

സൗര നാചുറൽ എനർജി സൊല്യൂഷൻസ് ഇന്ത്യയിലൂടെ KSEB ഗ്രിഡുമായി കണക്റ്റ് ചെയ്ത സോളാർ പ്ലാന്റുകൾ 2 KW to 500 KW വരെ(സബ്സിഡിയും 10% Discount ലഭ്യമാണ്.)
ബാറ്ററി ബാക്കപ്പോട് കൂടിയ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ 1 KW to 10 KW വരെ (10% Discount ലഭ്യമാണ്.)

More Details
EBSON ENERGY SYSTEMS,
ERNAKULAM, KOTHAMANGALAM
Call - 9447797913


## സഭയുടെ സമുദായത്തിന്റെ പ്രതീക്ഷയാണ് കത്തോലിക്ക കോൺഗ്രസ് – മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ



സഭയുടെ സമുദായത്തിന്റെ പ്രതീക്ഷയാണ് കത്തോലിക്ക കോൺഗ്രസ് എന്നും എല്ലാവരുടെയും ക്ഷേമത്തിനും ഉന്നമനത്തിനും വേി ഒരേ മനസ്സോടെ പ്രവർത്തിക്കണമെന്നും സീറോ മലബാർ സഭ കുരീയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ആഹ്വാനം ചെയ്തു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഭരണങ്ങാനം സെന്റ് .അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ സംഘടിപ്പിച്ച കുടുംബ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക പ്രതിസന്ധിയിൽ ജീവിതം വഴിമുട്ടിനിൽക്കുന്നവരെ സഹായിക്കുവാൻ കത്തോലിക്ക കോൺഗ്രസ് ശ്രമിക്കണം.

## സോഷ്യൽ മീഡിയ, മാധ്യമകൊട്ടേഷൻ സംഘങ്ങൾക്കെതിരെ കരുതിയിരിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ്.

പത്ര-ദൃശ്യ, സോഷ്യൽ മീഡിയകളിലൂടെ ജനങ്ങളുടെ മനസ്സിന്റെ ദൂർബലത മുതലെടുക്കാൻ എന്തിനെയും സമൂഹമധ്യത്തിൽ താറടിച്ച് അസത്യ പൈങ്കിളി കഥകൾക്ക് തിരശ്ശീല ഉണ്ടാക്കി അന്തിചർച്ചയ്ക്ക് ദിവസങ്ങളോളം വിഷയങ്ങളാക്കി മാധ്യമധർമ്മം അശ്ലീലമാക്കുന്ന മാധ്യമ പ്രവർത്തനത്തിനെതിരെ ജനം ഉണരണമെന്നും സോഷ്യൽ മീഡിയയിലൂടെ കത്തോലിക്കസഭയെ അടച്ചാക്ഷേപിക്കാൻ ഇറങ്ങുന്ന സോഷ്യൽ മീഡിയ ക്വൊട്ടേഷൻ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും കത്തോലിക്ക കോൺഗ്രസ്.

## വിവാഹേതര ലൈംഗികബന്ധത്തിന് നിയമസാധുത നൽകിയ സുപ്രിംകോടതി വിധി കുടുംബന്ധങ്ങളെ ശിഥിലമാക്കും.

വിവാഹേതര ലൈംഗികബന്ധത്തിന് നിയമസാധുത നൽകിയ സുപ്രിംകോടതി വിധി കുടുംബന്ധങ്ങളെ ശിഥിലമാക്കുമെന്നും കൂടുംബഭദ്രതയും കെട്ടുറപ്പും ഇല്ലാതാക്കുമെന്നും കത്തോലിക്കകോൺഗ്രസ്.

## മാധ്യമരംഗത്തെ ക്രിയാത്മക : ഏകദിന സെമിനാർ

മാധ്യമ രംഗത്തെ ക്രിയാത്മകത എന്ന വിഷയത്തിൽ കത്തോലിക്ക കോൺഗ്രസ് മാധ്യമ വിഭാഗം സംഘടിപ്പിച്ച ഏകദിന സെമാനാർ മാനന്തവാടി ബിഷപ്പ് മാർ. ജോസ് പൊരുന്നേടം ഉത്ഘാടനം ചെയ്തു. ആധുനിക കാലഘട്ടത്തിൽ മാധ്യമങ്ങളിലു ടെ പ്രതേകിച്ച് സമുഹമാധ്യമങ്ങളിലുടെ ഉള്ള ഇടപ്പെടലുകൾ നിർണായക പ്രാധാന്യം അർഹിക്കുന്നതാണ്. സഭാആസ്ഥാനം ആയ കാക്കാനാട് മൗണ്ട്സെന്റ് തോമസിൽ നടന്ന സെമാനാറിൽ പ്രസിന്റ് ബിജു പറയനിലം അദ്ധ്യഷത വഹിച്ചു. ഫാ. ജോബി മാപ്രക്കാവിൽ വിഷയാവതരണം നടത്തി

## വനിതാ കമ്മിഷൻ അദ്ധ്യക്ഷയുടെ നിലപാട് സഭാസംവിധാനങ്ങളെ തകർക്കാൻ

സന്യാസ സമുഹത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപ്പെടുമെന്ന സംസ്ഥാന വനീത കമ്മീഷൻ അദ്യക്ഷ എം സി ജോസഫൈന്റെ നിലപാട് ഇടതുപക്ഷ നിരിശ്വാര ആശയത്തിന്റെ അടിസ്ഥാനത്തിൽ സഭാ സംവിധാനങ്ങ ളെ തകർക്കാനുള്ള ഗൂഢ ഉദ്ദേശത്തോടെയാണ് എന്ന് കത്തോലിക്ക കോൺഗ്രസ് അഡ്വ.ബിജൂ പറയന്നിലം.

## കാരുണ്യത്തിന്റെ കരങ്ങളെ തളർത്താനൂള്ള കേന്ദ്ര സർക്കാർ നീക്കം ലജ്ജാവഹം

വിശുദ്ധ മദർ തെരേസ സ്ഥാപിച്ച മിഷനണീസ് ഓഫ് ചാരിറ്റി സന്യാസിനികളുടെ കാരുണ്യത്തിന്റെ കരങ്ങളെ അവഹേളിക്കുവാനും, തളർത്തുവാനുമുള്ള കേന്ദ്ര സർക്കാർ നടപടികൾ ലജ്ജാവഹമെന്ന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി. മിഷണറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സിന്റെ എല്ലാ ആതുര അന്തേവാസികളെയും, പിഞ്ചു കുഞ്ഞുങ്ങളെപ്പോലും എടുത്തുകൊണ്ട് പോകുന്ന ഭീകരാന്തരീക്ഷമാണ് ഭരണകൂടങ്ങൾ സൃഷ്ടിക്കുന്നത്.


fitness mantra
Wellness & Nutrition Hub

9400217913

പലതരം മരുന്നുകൾ ഉപയോഗിച്ചും അവയുടെ പാർശ്വഫലങ്ങൾ അനുഭവിച്ചും ബുദ്ധിമുട്ടുന്നവരാണോ നിങ്ങൾ?
എങ്കിൽ.............. **മരുന്നുകളോട് നമുക്കിനി വിടപറയാം.**

ചിട്ടയായ ഭക്ഷണക്രമത്തിലൂടെ ജീവിതശൈലീരോഗങ്ങളായ അമിതവണ്ണം, ഷുഗർ, പ്രഷർ, കൊളസ്ട്രോൾ, കുടവയർ, വെരിക്കോസ് വെയിൻ, ശ്വാസതടസ്സം, ഹൃദ്രോഗം, ഉറക്കക്കുറവ്, മാനസികസമ്മർദ്ദം, ഫാറ്റി ലിവർ, മൈഗ്രേൻ, വിട്ടുമാറാത്ത ചുമ, അലർജി, ജോയിന്റ് പെയിൻസ്, രക്തക്കുറവ്, മുഖക്കുരു, ഉദരരോഗങ്ങൾ തുടങ്ങി വിവിധതരം രോഗങ്ങളെ മരുന്നുകൾ ഇല്ലാതെ തന്നെ എന്നേക്കുമായി അകറ്റി നിർത്തി ആരോഗ്യപൂർണ്ണമായ ഒരു നല്ല നാളേയ്ക്കായി...

**Fitness Mantra**

8 വർഷത്തെ സേവനപാരമ്പര്യം.....1000-ത്തിൽപരം സംതൃപ്തരായ ഉപഭോക്താക്കൾ...
കേരളത്തിനകത്തും പുറത്തും ഞങ്ങളുടെ സേവനം ലഭ്യമാണ്.

വിശദവിവരങ്ങൾക്ക് Fitness Mantra
Perumbavoor, Kothamangalam, Mob : 9400217913

(2-ാം പേജ് തുടർച്ച)

എല്ലാ പ്രതിസന്ധികളെയും തിരുത്തലുകളോടുകൂടി അതിജീവിച്ച് മുന്നേറിയിട്ടുള്ള ഒരു സമുദായ ചരിത്രമാണ് നമുക്കുള്ളത്. നമ്മുടെ വിശ്വാസ അധിഷ്ഠിതമായ ജീവിതത്തിലെ അഭിഭാജ്യഘടകമാണ് സഭ. സഭയിൽ ക്രിസ്തുവിന് വേണ്ടി ജീവിതം സമർപ്പിച്ച് വിശുദ്ധരായി ജീവിക്കുന്ന നമ്മുടെ ബഹുഭൂരിപക്ഷം വൈദികരെയും സന്യസ്ഥരെയും ഒന്നാകെ കളങ്കപ്പെടുത്തും വിധം നടത്തുന്ന നര നായാട്ട് നമ്മെ വളരെയധികം വേദനിപ്പിക്കുകയും ദുഖിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ രാജ്യത്തെ വിദ്യാഭ്യാസപരമായി ഉയർത്തിയത് ആര്? ആതുര ശുശ്രൂഷപ്രവർത്തനങ്ങൾ നടത്തിയത് ആര്?, ഈ രാജ്യത്തെ കുഷ്ഠരോഗികളെയും അനാഥരെയും അംഗവൈകല്യമുള്ളവരെയും ബുദ്ധിമാദ്ധ്യമുള്ളവരെയും, എയിഡ്സ് രോഗികളെയും സർക്കാരുകൾ പോലും മാറി നിന്നകാലത്ത് ജാതി മതവിത്യാസമില്ലാതെ ശുശ്രൂഷിച്ചതാര് എന്ന് ഈ ആക്രോശിക്കുന്നവർ പറയണം. ഈ അഭിമാനകരമായ ക്രൈസ്തവ പാരമ്പര്യമാണ് നമ്മെ മുന്നോട്ട് നയിക്കുന്നത് അതിനാൽ നമ്മുടെ അഭിമാനം ആർക്കും അടിയറവ് വയ്ക്കാൻ അനുവദിക്കുകയില്ല. നമ്മെ അവഹേളിച്ചുകൊണ്ടുള്ള അതിര് വിട്ട അട്ടഹാസത്തെ നാം സമചിത്തതയോടെ എതിർത്ത് തോല്പിക്കും

വേട്ടക്കാരും ഇരകളും അന്യോന്യം വച്ചുമാറ്റപ്പെടുന്ന അവസ്ഥയിലേക്ക് പീഡനാരോപണങ്ങൾ പരിണമിക്കുന്ന സംഭവങ്ങൾ അപൂർവമായെങ്കിലുമുണ്ടാകുന്ന നാടാണ് നമ്മുടേതെന്ന കാര്യം വിസ്മരിക്കാനാകില്ല. ജലന്തർ - കുറവിലങ്ങാട് വിവാദത്തിൽ ഇതിനുള്ള സാധ്യതകൾ ചൂണ്ടിക്കാട്ടാൻ സഭാ വൃത്തങ്ങളിൽ നിന്ന് ഒരാളും തയ്യാറായിട്ടില്ലെങ്കിലും കാതലായ സാഹചര്യത്തെളിവുകളുടെ പിന്തുണയോടെ അത്തരത്തിലുള്ള സംശയങ്ങൾ ഉന്നയിക്കുന്നവരെ ഓടിച്ചിട്ടു തല്ലാൻ നീക്കങ്ങൾ നടക്കുന്നു. പറയുന്നതിൽ പതിരുണ്ടെങ്കിൽ അത് പുറത്തെടുത്തു കാണിക്കുന്നതിനു പകരം നാവു പിഴുതെടുക്കാൻ നോക്കുന്നത് ആശാസ്യമല്ല.

സമരത്തിനിറങ്ങിയവരും അവരെ പ്രോൽസാഹിപ്പിച്ചവരും കാണാതെ പോയ ഒരു വസ്തുതയുണ്ട് - സമരത്തിന് പൊതുസമൂഹത്തിൽ നിന്നു കിട്ടിയ അനുഭാവത്തിന്റെ യഥാർത്ഥ കാരണം. സഭയ്ക്കു സ്വന്തമായുള്ള അതിമഹത്തായ മനുഷ്യ സേവന ചരിത്രത്തിന്റെ രജതപ്രഭയിലാണ് സാധാരണ ജനങ്ങൾക്കു മുന്നിൽ തിരുവസ്ത്രങ്ങൾക്കു തിളക്കം കൈവരുന്നത്. ആ പ്രഭാപൂരത്തിന്റെ പ്രഭവ കേന്ദ്രങ്ങളോടു ചേർന്നുനിന്നു മിന്നുന്ന കാൽപ്പനിക നുറുങ്ങുവെട്ടങ്ങൾക്കു പിന്നിലെ മുഖപടമണിഞ്ഞ ഉൽക്കകൾക്കു ക്ഷിപ്രായുസ്സുകളാകാനേ കഴിയൂ.തിരുവസ്ത്ര ധാരികളുടെ തെരുവുസമരം അനഭിലഷണീയമെന്ന വാദത്തെ അപഹസിക്കുന്നവർ ഇക്കാര്യങ്ങൾ കൂടി ഓർമ്മിക്കണം. എല്ലാവരേയും തെറ്റിദ്ധരിപ്പിക്കാനുള്ള ഏതൊരു ആസൂത്രിത നീക്കത്തിന്റെയും വിധി ഈ പ്രതിഷേധക്കാരുടെ ഉദ്യമങ്ങളെ കാത്തിരിക്കുന്നു. സത്യം ജയിച്ചേ പറ്റൂ; ആത്യന്തികമായി അതു സംഭവിക്കുകയും ചെയ്യും.

## കാർഷിക മേഖലയിൽ പുത്തൻ ചുവടുവെയ്പ്പുകളുമായി കത്തോലിക്കാ കോൺഗ്രസ്.

ഡോ. ജോസുകുട്ടി ഒഴുകയിൽ

സമഗ്രമായ കാർഷികപ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ശ്രേയസ്സ് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്തിൽ ജാതിമതഭേദമന്യേ കേരളത്തിൽ പ്രയോഗവത്കരിക്കാൻ തീരുമാനിച്ചിരിക്കുന്ന നൂതന പദ്ധതിയാണ് ഹരിതസമൃദ്ധം.പരമ്പരാഗത കൃഷി മേഖലകളിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്താനും കൃഷി എന്നത് ആത്മാഭിമാനത്തോടെ ആശ്രയിക്കാവുന്നതും മികച്ച വരുമാനം സാദ്ധ്യമാക്കുന്നതുമായ സമഗ്ര സാമ്പത്തിക പ്രക്രിയയാണ് ഹരിതസമൃദ്ധം.ഉത്സാഹത്തോടെയും ആത്മാഭിമാനത്തോടെയും കാർഷിക മേഖലയിലേയ്ക്ക് യുവക്കാളെ പ്രവർത്തന സജ്ജരാക്കുക എന്നതും,,സ്ഥിരജോലിയ്ക്ക് തൂല്യമായ വരുമാനം ഉറപ്പാക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

രണ്ടേക്കർ കൃഷിയിടമുള്ള ഒരു കർഷക കുടുംബത്തിൽ അടിസ്ഥാന കൃഷിയായ റബർ, തെങ്ങ്, നെല്ല് തുടങ്ങിയവയ്ക്ക് പുറമെ പ്രതിമാസം ശരാശരി അമ്പതിനായിരം രൂപവരെ വരുമാനമുറപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങൾക്ക് പ്രാദേശിക വിപണി സാദ്ധ്യതകൾക്ക് പുറമേ വിപണന ശൃംഗലകൾ വികസിപ്പിക്കുന്നതും ഇതോടൊപ്പം ലക്ഷ്യമിടുന്നുണ്ട്. ഈ ലക്ഷ്യം മുൻ നിർത്തി കൊണ്ട് വിവിധ മേഖലകളിലെ വിദഗ്ദരുമായി ഇതിനോടകം നിരവധി ചർച്ചകളും കൂടിയാലോചനകളും നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹരിതസമൃദ്ധം പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## ശതാബ്ദി വാർത്തകൾ ചിത്രങ്ങളിലുടെ

